**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 404** | **01-11-2021 - ൽ മറുപടിയ്ക്ക്**

**അമിത ചുമട്ടു കൂലി നിർത്തലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ എം. വിൻസെന്റ് ,<br>ശ്രീമതി കെ.കെ.രമ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അമിത ചുമട്ടുകൂലി നിർത്തലാക്കുന്നതിന് കഴിഞ്ഞ സർക്കാർ തയ്യാറാക്കിയിരുന്ന കർമ്മ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഏതു സാഹചര്യത്തിലും ചെയ്യാത്ത ജോലിയ്ക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ച് സർക്കാർ 30/04/2018-ൽ ജി.ഒ(ആർ.ടി)നമ്പർ 511/2018/തൊഴിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിശ്ചയിച്ചിരിക്കുന്ന കയറ്റിറക്ക് കൂലിയിൽ നിന്നും അമിത കൂലി/ നോക്കുകൂലി ആവശ്യപ്പെടുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പ്രശ്നത്തിൽ ഇടപെട്ട് അമിതമായി വാങ്ങിയ കൂലി തിരികെ നൽകുകയും, ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തൊഴിലാളികളുടെ 26 (എ) രജിസ്ട്രേഷൻ കാർഡ് തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ ഓഫീസർമാർ ഇടപെട്ട് റദ്ദ് ചെയ്യുകയും ഹെഡ് ലോഡ് വർക്കേഴ്സ് ബോർഡിന്റെ കീഴിലുള്ള സ്കീം ഏരിയയിൽ കേരള ഹെഡ് ലോഡ് വർക്കേഴ്സ് സ്കീം (റെഗുലേഷൻ ഓഫ് എംപ്ലോയ്മെൻറ് ആൻറ് കണ്ടീഷൻ ഓഫ് സർവ്വീസ്) സ്കീം, 1983 പ്രകാരമുള്ള 6(എ) കാർഡ് റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1978-ലെ കേരള ചുമട്ടു തൊഴിലാളി നിയമം ഫലപ്രദമായി നടപ്പിലാക്കുക, കയറ്റിറക്ക് തൊഴിൽ മേഖലയിലെ നോക്കുകൂലി വാങ്ങുന്ന പ്രവണത അവസാനിപ്പിക്കുക എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ 2018-ലെ The Kerala Investment Promotion & Fecilitation Act-ന്റെ സെക്ഷൻ 3-ൽ പറയുന്ന പ്രകാരം 1978-ലെ ഹെഡ് ലോഡ് വർക്കേഴ്സ് ആക്ടിൽ വകുപ്പ് 9-ന ശേഷം കൂട്ടിച്ചേർത്ത9(എ) വകുപ്പ് പ്രകാരം, ഒരു തൊഴിലുടമയ്ക്ക് തന്റെ കയറ്റിറക്ക് ജോലികൾ ഒരു |

| | | | |
|---|---|---|---|
| | | | രജിസ്റ്റേർഡ് ചുമട്ടു തൊഴിലാളിയെ ഉപയോഗിച്ച് ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ വഴി കൈവരിക്കാൻ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് വ്യാപാര വ്യവസായ മേഖലയിൽ സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും, തൊഴിലാളി - തൊഴിലുടമ ബന്ധം സൗഹൃദപരമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരുന്നതെന്ന് വിശദമാക്കുമോ; | (സി) | 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെൻറ് വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് ഏതു സാഹചര്യത്തിലും ചെയ്യാത്ത ജോലിയ്ക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ച് സർക്കാർ 30/04/2018-ൽ ജി.ഒ.(ആർ.ടി) നമ്പർ 511/2018/തൊഴിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എങ്കിലും അമിതകൂലി വാങ്ങി എന്നും, നോക്കുകൂലി വാങ്ങി എന്നുമുള്ള ഒറ്റപ്പെട്ട പരാതികൾ വരാറുണ്ട്. ടി അവസരങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെടുകയും അമിതകൂലി ഈടാക്കിയതായി കണ്ടെത്തിയാൽ ആയത് തൊഴിലാളിയിൽ നിന്നും വാങ്ങി പരാതിക്കാർക്ക് നൽകുകയും, ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തൊഴിലാളികളുടെ 26 (എ) രജിസ്ട്രേഷൻ കാർഡ് തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ ഓഫീസർമാർ ഇടപെട്ട് റദ്ദ് ചെയ്യുകയും സ്കീം ഏരിയയിൽ കേരള ഹെഡ് ലോഡ് വർക്കേഴ്സ് സ്കീം (റെഗുലേഷൻ ഓഫ് എംപ്ലോയ്മെൻറ് ആൻറ് കണ്ടീഷൻ ഓഫ് സർവ്വീസ്) സ്കീം, 1983 പ്രകാരമുള്ള 6(എ) കാർഡ് റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും, ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതി ബാധകമായ സ്ഥലങ്ങളിൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡും, സ്കാറ്റേർഡ് വിഭാഗങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസറും കയറ്റിറക്ക് നിരക്ക് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. |
| (ഡി) | പദ്ധതി നിർവ്വഹണത്തിലൂടെ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് വ്യാപാര വ്യവസായ മേഖലയിൽ സമാധാനപരമായ അന്തരീക്ഷവും, തൊഴിലാളി-തൊഴിലുടമ ബന്ധം ഉറപ്പുവരുത്തുന്നതിനും |

| | | | |
|---|---|---|---|
| | | | കഴിഞ്ഞിട്ടുണ്ട്. എങ്കിലും അമിതകൂലി വാങ്ങി എന്നും, നോക്കുകൂലി വാങ്ങി എന്നുമുള്ള ഒറ്റപ്പെട്ട പരാതികൾ വരാറുണ്ട്. ടി അവസരങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെടുകയും അമിതകൂലി ഈടാക്കിയതായി കണ്ടെത്തിയാൽ ആയത് തൊഴിലാളിയിൽ നിന്നും വാങ്ങി പരാതിക്കാർക്ക് നൽകുകയും, ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തൊഴിലാളികളുടെ 26(എ) രജിസട്രേഷൻ കാർഡ് തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ ഓഫീസർമാർ ഇടപെട്ട് റദ്ദ് ചെയ്യുകയും സ്കീം ഏരിയയിൽ കേരള ഹെഡ് ലോഡ് വർക്കേഴ്സ് സ്കീം (റെഗുലേഷൻ ഓഫ് എംപ്ലോയ്മെൻറ് ആൻറ് കണ്ടീഷൻ ഓഫ് സർവ്വീസസ്) സ്കീം 1983 പ്രകാരമുള്ള 6(എ) കാർഡ് റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം ഫലപ്രദമായി നടപ്പിലാക്കുക, കയറ്റിറക്ക് തൊഴിൽ മേഖലയിലെ നോക്കുകൂലി വാങ്ങുന്ന പ്രവണത അവസാനിപ്പിക്കുക എന്നിവ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ